## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2929** **20.03.2015-ൽ മറുപടിക്ക്**

**കോർ റോഡ് നെറ്റ് വർക്ക് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, ആർ . സെൽവരാജ്**<br>**,, എം.പി.വിൻസെന്റ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ (നാഷണൽ ഹൈവേ ഒഴികെ) സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് പരമപ്രധാനമായ റോഡുകളെ ഒരു വിദഗ്ധ ഏജൻസിയെക്കൊണ്ട് ശാസ്ത്രീയമായി പഠനം നടത്തി കണ്ടെത്തി ഒരു റോഡ് ശൃംഖല രൂപീകരിക്കുകയും അവയെ വികസിപ്പിച്ച് ഉന്നത നിലവാരത്തിൽ പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശം. |
| (സി) ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) ഇത്തരം റോഡുകളെ കണ്ടെത്തുന്നതിന് വിശദപഠനം നടത്തുവാൻ ഒരു വിദഗ്ധ കൺസൾട്ടന്റിനെ അന്തർദേശീയ ദർഘാസ് പ്രകാരം നിയമിക്കണം. രണ്ടാമതായി ഈ റോഡുകൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയുള്ള ധനാഗമമാർഗ്ഗങ്ങളെ അവലോകനം ചെയ്യുന്നതിനും മറ്റുമുള്ള പഠനങ്ങൾക്കായി ഒരു വിദഗ്ധ ഏജൻസിയെ |

| | | |
|---|---|---|
| | | നിയമിക്കേണ്ടതാണ്. മൂന്നാമതായി ഈ റോഡുകൾക്കു പ്രത്യേക പരിഗണന ആവശ്യമായതിനാൽ അവയുടെ ചുമതല പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ഒരു പുതിയ സ്വതന്ത്ര ചുമതലയുള്ള ഏജൻസിയെ ഏൽപിക്കേണ്ടതുമാണ്. |
| (ഡി) | ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് ഇതിന് വേണ്ടി നൽകുന്നതെന്നു അറിയിക്കാമോ? | (ഡി) ഇപ്പോൾ നടപ്പിലാക്കുന്ന കെ.എസ്.ടി.പി പദ്ധതിയിലെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്കു വേണ്ടിയുള്ള ലോകബാങ്കു വായ്പയിൽ ഇതിനുള്ള ചെലവ് ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ